
ലക്കം 25/ജനുവരി, 2015

# പാവിന്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



പുതുവർഷം അതിന്റെ എല്ലാ മോടിയോടും വീണ്ടും നമ്മുടെ മുന്നിലെത്തിയിരിക്കുന്നു. ഹവിസ്സിന്റെ എല്ലാ നല്ലവരായ വായനക്കാർക്കും സുഖ-ശാന്തി സമ്പന്നമായ, ആരോഗ്യപൂർണ്ണമായ ദിനങ്ങൾ ആശംസിക്കട്ടെ.

നമുക്കു വേണ്ടി നാം ജീവിക്കുവാൻ തുടങ്ങിയിട്ട് ഏറെ നാളുകളായി, ഏറെ ജന്മങ്ങളായി. ഇതു മനസ്സിലാക്കുവാൻ പോലും നമുക്ക് ആകാത്ത വിധം ഈ ജീവിതരീതി നമ്മുടെ സംസ്കാരമായിത്തീർന്നിരിക്കുന്നു. ശ്രേഷ്ഠമായ മനുഷ്യജന്മം ലഭിച്ചിട്ടും നമ്മിൽ ബഹുഭൂരിപക്ഷവും പരിമിതമായ ഭൗതീക സുഖലോലുപതയ്ക്കും വിഷയ സുഖങ്ങൾക്കും പിന്നാലെ സമയം വൃഥാ കളഞ്ഞു കുളിക്കുന്നതു കാണുമ്പോൾ... എന്താണ് നമ്മുടെ ലക്ഷ്യം? എവിടേയ്ക്കാണ് നമുക്കു പോകേണ്ടത്? അതിലും മുമ്പേ, ആരാണ് ഞാൻ? എന്തിനായിട്ടാണ് ഞാൻ ഈ ശരീരം ധരിച്ചിരിക്കുന്നത്? ഓരോ അവതാരത്തിനും ഓരോ ലക്ഷ്യമുണ്ടെന്ന് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. എന്റെ അവതാര ലക്ഷ്യം എന്തെന്ന് എന്നെ ിലും ചിന്തിച്ചു നോക്കിയിട്ടുണ്ടോ?

നമ്മിൽ ബഹുഭൂരിപക്ഷവും ഈശ്വര വിശ്വാസികളാണ്. പൂജകളും ധ്യാനങ്ങളും വിളക്കു കത്തിക്കലും പതിവില്ലെ ിൽ പോലും മനസ്സു കൊണ്ട് ഈശ്വരനെ നമിക്കാത്തവർ തുലോം തുച്ഛം. ഈശ്വരനെ ഈ സൃഷ്ടിയുടെ രചയിതാവായി നാം വാഴ്ത്തുമ്പോൾ, ഈശ്വരീയമായ നിയമാവലികൾ ഈ സൃഷ്ടി ജീവിതത്തിനുണ്ടാകും എന്നു നാം മറന്നു പോകുന്നു. ഏതൊരു ഭരണാധികാരിയും അധികാരം കാണിക്കുവാൻ ആദ്യം ചെയ്യുന്നത് ലോ ആന്റ് ഓർഡർ നടപ്പാക്കുകയാണല്ലോ. ഈശ്വരനാകുന്ന വലിയ ഭരണാധികാരി അപ്പോൾ തന്റെ രാജ്യത്തെ നിയമ വാഴ്ചയെക്കുറിച്ച് നിശ്ചിന്തനാകുന്നത് എന്തുകൊണ്ടെന്ന് ഒന്നു ചിന്തിച്ചു നോക്കൂ. തന്റെ സൃഷ്ടി ഏതു തരത്തിലായിരിക്കണം എന്ന് ഈശ്വരന് ഒരു രൂപവും ഇല്ല എന്നു കരുതുന്നതു ശരിയാണോ? അതോ, നമ്മുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും സാധിച്ചു തരുവാൻ നാം കണ്ടെത്തിയ ഒരു അത്താണി മാത്രമാണോ ഈശ്വരൻ?

വലിയ വീടു വയ്ക്കുമ്പോൾ, വലിയ കാറു വാങ്ങുമ്പോൾ, വലിയ ഉദ്യോഗത്തിലെത്തുമ്പോൾ... എല്ലാം തികഞ്ഞുവോ? എന്താണ് എന്റെ ചുറ്റും നടക്കുന്നത്? ഭാരതത്തിന്റെ രാജധാനിയിൽ തന്നെ നിത്യേന ഒന്നിലധികം സഹോദരിമാർ ക്രൂരമായി ബലത്സംഗം ചെയ്യപ്പെടുമ്പോൾ, സാധാരണക്കാരായ അനേകം ഗ്രാമീണർ വെടിയേററു മരിക്കുമ്പോൾ, നിസ്സഹയരായ പിഞ്ചു കുഞ്ഞുങ്ങളെ സ്കൂളിലെത്തി വെടിവച്ചിടുമ്പോൾ, ഒരു നേരത്തെ ആഹാരത്തിനു വേണ്ടി സ്വന്തം വീട് ഉപേക്ഷിച്ച് ലക്ഷങ്ങൾ നഗരപ്രാന്തത്തിലെ ചേരികളിൽ കുടിയേറുമ്പോൾ... എന്റെ സ്ഥാനം എവിടെ? ലോകാ സമസ്താ സുഖിനോ ഭവന്തു എന്നു പഠിപ്പിച്ച സനാതന ധർമ്മത്തിനകത്തോ അതോ പുറത്തോ?

ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെയുള്ള യാത്ര മാത്രമേ ശോഭനമായതുള്ളൂ. ആ യാത്രയിൽ, ഞാൻ ഒരിക്കലും ഒറ്റയ്ക്കല്ല. ഈ ലോകമാകുന്ന വലിയ കുടുംബം എന്നും എന്നോടൊപ്പമുണ്ട്. അവരുടെ സുഖവും ദുഃഖവും എന്റേതു കൂടിയാണ്. അവരുടെ കണ്ണീരൊപ്പേണ്ട ഉത്തരവാദിത്വം എന്റേതു കൂടിയാണ്. എന്റെ ഭൗതീക നേട്ടങ്ങളുടെ പട്ടിക കാട്ടി ഞാൻ വീമ്പു പറയുമ്പോൾ, എന്റെ സഹോദരങ്ങളുടെ മുന്നിൽ സ്വയം ഞാൻ അപഹാസ്യനാകുകയാണ് എന്ന സത്യം നാം മനസ്സിലാക്കുവാൻ വൈകരുത്. അതിലും ഉപരി നമ്മുടെ കഴിവുകൾ എന്നു നാം അഹ രിക്കുന്നതെല്ലാം, സർവ്വ ശക്തനായ ഈശ്വരന്റെ വരദാനങ്ങളാണെന്ന സത്യവും നാം മറന്നു കൂടാ. കരുണാമയനായ ദൈവം ഒരിക്കലും നമ്മോടു കോപിക്കാറില്ല, ലോ ആന്റ് ഓർഡർ അല്ല ഈശ്വരന്റെ രീതി. അവിടെ ലൗ ആന്റ് ലോ മാത്രമേ ഉള്ളൂ. സ്നേഹ സാഗരനായ നമ്മുടെ പരമ പിതാവ്, മുഴുവൻ സൃഷ്ടിയുടേയും നാഥൻ, നമ്മുടെ മുന്നിൽ ഏറെ അവസരങ്ങൾ തുറന്നു തരും – ധർമ്മത്തിന്റെ ഭാഗത്തു നിൽക്കുവാൻ, പാണ്ഡവ പക്ഷത്തു നിൽക്കുവാൻ. അതു തിരിച്ചറിയാതെ, ഈ ലോകത്തിന്റെ തിളക്കത്തിൽ കണ്ണുമഞ്ഞളിച്ച് ഈ ജന്മം കൂടി പാഴാക്കരുതേ എന്നാണ് ഹവിസ്സിന്റെ പ്രാർത്ഥന. ഭൗതീക സുഖങ്ങൾ ത്യജിക്കുവാനോ, കുടുംബ ജീവിതമോ, ഔദ്യോഗിക പദവികളോ ഉപേക്ഷിക്കുവാനോ ഇതു കൊണ്ട് അർത്ഥമാക്കുന്നില്ല. ഈ ലോകത്തെ എല്ലാ സുഖഭോഗങ്ങളും അനുഭവിച്ചു കൊണ്ടു തന്നെ, അതിൽ നിന്നും വേറിട്ട്, അവയോടു നിസ്സംഗത പുലർത്തി, സദാ സർവ്വേശ്വരനെ മനസ്സിൽ പ്രതിഷ്ഠിച്ച്, നിമിത്തഭാവത്തോടെ കർമ്മം ചെയ്യുവാൻ നാം ഇനിയെ ിലും ശ്രമിക്കണം എന്നു മാത്രമേ ഹവിസ്സ് ആഗ്രഹിക്കുന്നുള്ളൂ. ഈ നവവത്സരം അതിനൊരു അവസരമാക്കി മാററി, നന്മയുടെ പന്ഥാവിലൂടെ മുന്നേറുവാൻ പ്രതിജ്ഞയെടുത്ത്, പ്രകാശം പരത്തുന്ന ഒരു ജീവിതം ജീവിക്കുവാൻ ഹവിസ്സിന്റെ സഹൃദയരായ എല്ലാ വായനക്കാർക്കും സാധ്യമാകട്ടെ.



## താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................................................................................................ ദാദി ജാനകി

ബ്രഹ്മാബാബാ ലാളിത്യവും വിനയവും...........................................പ്രതിഭാ നായർ, മൗണ്ട് ആബു

നവവത്സര പ്രതിജ്ഞ..................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

തത്വമസി...............................................................................................സുജിത്ത് പേരാമ്പ്ര, കോഴിക്കോട്

സുഖ-ദുഃഖങ്ങൾ ..............................................................................ബി. കെ. അനില, തിരുവനന്തപുരം

അമൃത തീരം...............................................................................ബി. കെ. നിഖിൽ എലത്തൂർ, കോഴിക്കോട്

ജ്യോതിഷവും ദോഷപരിഹാരങ്ങളും...............................................ബി. കെ. അനിൽ, തിരുവനന്തപുരം

വിവേകപൂർവ്വമായ സഹായം..........................................................................കൃഷ്ണനുണ്ണി, പാലക്കാട്


പുനർസൃഷ്ടിയുടെ പൂർണ്ണത..........................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരിസ്


**സഹകരിപ്പിക്കുവാൻ സാധിക്കുന്നവർക്ക്**
**എല്ലാ കാര്യവും എളുപ്പമായിരിക്കും.**
**എല്ലാവർക്കും അവരുടെ വ്യക്തിഗതമായ കഴിവുകളുണ്ട്,**
**എല്ലാവരുമായി ബന്ധം പുലർത്തുവാൻ സാധിക്കുമ്പോൾ**
**ഒന്നിച്ച് ഒരു കാര്യം പൂർത്തീകരിക്കുവാനാകും.**
**എന്റെ സകാരാത്മക വിചാരങ്ങളും**
**ഉൾപ്പെട്ട എല്ലാവരുടെയും ശുഭ ചിന്തകളും**
**ഒത്തു ചേരുമ്പോൾ വിജയം സുനിശ്ചിതം.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ബ്രഹ്മാബാബാ

## ലാളിത്യവും വിനയവും കൈകോർത്ത ജീവിതം

പ്രതിഭാ നായർ, മൗണ്ട് ആബൂ

ലാളിത്യവും വിനയവും മഹാത്മാക്കളുടെ സ്വഭാവമായാണ് പ്രകീർത്തിക്കപ്പെടുന്നത്. ബ്രഹ്മാകുമാരീസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ സ്ഥാപനയ്ക്കു നിമിത്തമായ പ്രജാപിതാ ബ്രഹ്മാവും ഈ വിശേഷതകളാൽ സമ്പന്നനായിരുന്നു. വളരെ താഴ്ന്ന തലത്തിൽ നിന്നാണ് ലേഖരാജ് എന്ന പ്രജാപിതാ ബ്രഹ്മാവ് തന്റെ ജീവിതം ആരംഭിച്ചത്. അദ്ദേഹത്തിന്റെ അച്ഛൻ ഒരു സ്കൂൾ അദ്ധ്യാപകനായിരുന്നു. ഒരു ധാന്യക്കച്ചവടക്കാരനായാണ് ലേഖരാജ് തന്റെ തൊഴിൽ ജീവിതത്തിന് തുടക്കം കുറിച്ചത്. ശേഷം അദ്ദേഹം രത്നവ്യാപാരത്തിൽ പ്രവേശിച്ചു. വിശ്വസ്തത, തൊഴിലിലെ മികവ്, മാന്യത, അചഞ്ചലമായ ഈശ്വര വിശ്വാസം ഇവ അദ്ദേഹത്തിന് ഇടപാടുകാരുടെ ഇടയിൽ വളരെ ബഹുമാനം നേടിക്കൊടുത്തു.

ആരാലും ശ്രദ്ധിക്കപ്പെടുന്ന വിശേഷ വ്യക്തിത്വത്തിന് ഉടമയായിരുന്ന അദ്ദേഹത്തിന് 60-ാമത്തെ വയസ്സിൽ ചില ദിവ്യ ദർശനങ്ങൾ ഉണ്ടാകുകയും ആദ്ധ്യാത്മിക പാതയിലൂടെ മുന്നേറുവാൻ തത്പരരായ ഒരു ചെറിയ സമൂഹം കെട്ടിപ്പടുക്കുവാൻ അത് പ്രേരണയാകുകയും ചെയ്തു. ഇതാണ് പിൽക്കാലത്ത് ബ്രഹ്മാകുമാരീസ് എന്ന പേരിൽ ലോകമെമ്പാടും വളർന്നു പന്തലിച്ച മഹാ പ്രസ്ഥാനമായി മാറിയത്.

അനിതര സാധാരണവും അവർണ്ണനീയവുമായ അദ്ദേഹത്തിന്റെ പ്രത്യേക വ്യക്തിത്വം അനേകരെ തന്നിലേയ്ക്ക് അടുപ്പിച്ചു. സ്നേഹവും ദയയും സ്ഫുരിക്കുന്ന ശക്തിശാലികളായ ആ കണ്ണുകൾ വിവേകം വിളിച്ചോതുന്നവയായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഭാരതത്തിലെ അനേകം രാജാക്കന്മാരെയും ബ്രിട്ടീഷ് വൈസ്രോയിയെ തന്നെയും തന്റെ സുഹൃത്തോ ഇടപാടുകാരോ ആക്കി മാററുവാൻ വജ്രവ്യാപാരം അദ്ദേഹത്തെ സഹായിച്ചു. എന്നിരുന്നാലും, ഉന്നതങ്ങളിലുള്ള പിടിപാടുകളോ, തന്റെ ഭീമമായ സമ്പത്തോ അദ്ദേഹത്തിന്റെ വിനയത്തിനോ ലാളിത്യത്തിനോ ഒരിക്കലും തടസ്സമായില്ല. ബ്രഹ്മാബാബാ എന്നു സ്നേഹത്തോടെ എല്ലാവരും വിളിച്ചിരുന്ന അദ്ദേഹം ദാന-ധർമ്മങ്ങളിൽ അതീവ തത്പരനും, പെരുമാററത്തിൽ രാജകീയ അന്തസ്സു പുലർത്തുന്നവനും ആയിരുന്നപ്പോഴും തന്റെ അപദാനങ്ങൾ വാഴ്ത്തുന്നതോ, ആഢംബരം കാട്ടുന്നതോ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.



ഓം മണ്ഡലിയുടെ (ബ്രഹ്മാകുമാരീസ് അങ്ങനെയാണ് ആദ്യം അറിയപ്പെട്ടിരുന്നത്) സ്ഥാപനയ്ക്കു ശേഷം, പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെട്ട ഏകദേശം 300 ഓളം പേരടങ്ങുന്ന ഒരു ആദ്ധ്യാത്മിക സമൂഹത്തിന്റെ സംരക്ഷണം അദ്ദേഹത്തിന്റെ ചുമലിൽ നിക്ഷിപ്തമായി. അവരുടെ ഭൗതീകവും ആദ്ധ്യാത്മികവുമായ എല്ലാ ആവശ്യങ്ങളും ഏററവും ഉത്തമമായ നിലയിൽ തന്നെ നിറവേറ്റുവാനായി തന്റെ മുഴുവൻ സമ്പത്തും അവർക്കു വേണ്ടി മാറ്റി വയ്ക്കുവാൻ അദ്ദേഹം തയ്യാറായി. എന്നാൽ അനാവശ്യമോ ധാരാളിത്വമോ ആയ ചെലവുകൾ അവരുടെ ജീവിതരീതിയിൽ ഉണ്ടാകാതിരിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

വിഭജനത്തിനു ശേഷം പാകിസ്ഥാനിൽ നിന്നും രാജസ്ഥാനിലെ മൗണ്ട് ആബുവിലേയ്ക്ക് കുടിയേറിയ ആ ചെറിയ സമൂഹത്തെ ആദ്യനാളുകളിലെ കഷ്ടപ്പാടുകളെ അതിജീവിക്കുവാൻ അദ്ദേഹം പരിശീലിപ്പിച്ച ലാളിത്യവും ത്യാഗ മനോഭാവവും ഒട്ടൊന്നുമല്ല സഹായിച്ചത്. ഭക്ഷണത്തിനു പോലും ബുദ്ധിമുട്ടുണ്ടായിരുന്ന സമയമായിരുന്നു അത്. പലപ്പോഴും മൗണ്ട് ആബുവിലെ കാടുകളിൽ വളരുന്ന ഫലങ്ങളായിരുന്നു അവരുടെ പ്രഭാത ഭക്ഷണം. എന്നാൽ, ഈശ്വരനിലും ഈശ്വരന്റെ ദൗത്യത്തിലുമുള്ള ബ്രഹ്മാബാബയുടെ അജയ്യമായ വിശ്വാസം അത്തരം സ്ഥിതിവിശേഷങ്ങളിലും നിശ്ചിന്തനായിരിക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹത്തിന്റെ മനസ്സാന്നിധ്യം അത്തരം പരീക്ഷണങ്ങളെ അതിജീവിക്കുവാനുള്ള ശക്തി മററുള്ളവർക്കും നൽകി.

തങ്ങളുടെ ആദ്ധ്യാത്മിക സന്ദേശം എത്തിക്കുന്നതിനായി ഭാരതത്തിന്റെ പലഭാഗങ്ങളിലും കേന്ദ്രങ്ങൾ തുറന്നു കൊണ്ട് ബ്രഹ്മാകുമാരീസ് പ്രസ്ഥാനം വളർച്ചയുടെ പടവുകൾ താണ്ടി. എന്നിരുന്നാലും ബ്രഹ്മാബാബയുടെ ജീവിതരീതി ലളിതമായി തന്നെ തുടർന്നു. വിലകുറഞ്ഞ വെളുത്ത കുർത്തയും മുണ്ടുമായിരുന്നു അദ്ദേഹത്തിന്റെ വേഷം. മൗണ്ട് ആബുവിലെ ബ്രഹ്മാകുമാരീസ് ആസ്ഥാനം കൂടുതൽ കെട്ടിട സമുച്ചയങ്ങളിലേയ്ക്ക് വളർന്നപ്പോഴും കുളിമുറിയില്ലാത്ത ഒരു ചെറിയ മുറിയിൽ കഴിയുവാനാണ് അദ്ദേഹം താത്പര്യപ്പെട്ടത്. തനിക്കു വേണ്ടി പ്രത്യേക സൗകര്യങ്ങൾ ഒന്നും ഉപയോഗിക്കാതിരിക്കുവാനും അവ എല്ലാവർക്കും ഉപകാരപ്രദമായി ഉപയോഗിക്കുവാനും അദ്ദേഹം നിരന്തരം ശ്രദ്ധിച്ചിരുന്നു. ആരെയും നിരാശപ്പെടുത്താതിരിക്കുവാനായി തനിക്ക് സ്നേഹത്തോടെ നൽകുന്ന സമ്മാനങ്ങൾ അദ്ദേഹം സ്വീകരിക്കുകയും ശേഷം മറ്റുള്ളവർക്ക് അവ നൽകുകയും ചെയ്തു വന്നു. പ്രായാധിക്യത്തിലും പ്രയത്ന രഹിതമായി ഏതു തൊഴിലും ചെയ്യുവാനും നീണ്ട മണിക്കൂറുകൾ പ്രവൃത്തിയെടുക്കുവാനും ബ്രഹ്മാബാബായ്ക്ക് കഴിഞ്ഞിരുന്നു. പേരിനോ പ്രശസ്തിയ്ക്കോ വേണ്ടി പണിയെടുക്കാതിരിക്കുവാൻ അദ്ദേഹം എല്ലാവരേയും പഠിപ്പിച്ചു. അത്തരം രീതികൾ സ്വഭാവത്തിന്റെ ബലഹീനതയായും ഒരു തരം ഭിക്ഷാടനമായും അദ്ദേഹം കരുതി.

ഒരു മനുഷ്യാത്മാവിന് എത്താവുന്ന ഏറ്റവും ഉന്നതമായ സമ്പൂർണ്ണ സ്ഥിതിയിൽ എത്തിയിട്ടും എന്നും പ്രച്ഛന്നനായിരിക്കുവാൻ അദ്ദേഹം താത്പര്യം കാട്ടി. ദേഹധാരികളിൽ മനസ്സു കുടുങ്ങാതെ നിരന്തരം ഒരേ ഒരു പരമാത്മാവിനെ സ്മരിക്കുവാൻ അദ്ദേഹം ഏവരെയും ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. അക്ഷീണമായ ആദ്ധ്യാത്മിക പുരുഷാർത്ഥത്തിലൂടെ സ്വപരിവർത്തനം നടത്തുന്നതിൽ വിജയിച്ച അദ്ദേഹം 1969 ജനുവരി 18 ന് തന്റെ ഭൗതീക ശരീരം വെടിഞ്ഞ് മാലാഖാ സ്വരൂപത്തിലേയ്ക്ക് ഉയർന്നു. ലോകത്താകമാനം ഇന്നും ആ ജീവചരിത്രം ആയിരങ്ങൾക്ക് പ്രചോദനമായി തുടരുന്നു.

# നവവത്സര പ്രതിജ്ഞ

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ആദ്യമായി എല്ലാവർക്കും, പ്രത്യേകിച്ച് ഹവിസ്സ് കുടുംബാംഗങ്ങൾക്ക് നവവത്സരാശംസകൾ നേരുന്നു.

പുതുവർഷം വന്നണഞ്ഞു. പുതിയതെന്തിനും അതിന്റേതായ പുതുമ ദർശിക്കാം. പുതുമ നിറഞ്ഞ പ്രത്യാശകൾ ഉണർത്തുന്നു. നന്മ നിറഞ്ഞ, സംഘർഷഭരിതമല്ലാത്ത, സന്തോഷവും ലാഘവത്വവും തരുന്ന ചുററുപാടുകൾ, ഭയരഹിതമായ ദിനരാത്രങ്ങൾ, ജീവിതത്തിന്–എന്തിന്–ജീവനുതന്നെ ഒരു സംരക്ഷണം–ഇതൊക്കെയാണ് ഇന്നത്തെ മനുഷ്യമനസ്സിലെ ആഗ്രഹങ്ങൾ. അത് ആര് എങ്ങനെ, എപ്പോൾ നടപ്പാക്കും? നാമോരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. മേൽ പറഞ്ഞ ഓരോ കാര്യത്തിനും നാം ആഗ്രഹിക്കുന്ന നന്മ നിറഞ്ഞതും, നേട്ടമുള്ളതുമായ ഓരോ കാര്യത്തിനു പിന്നിലും അതിന്റേതായ രീതികൾ, അഥവാ നിയമങ്ങൾ ഉണ്ട്. അതനുസരിച്ചാൽ മാത്രമേ നാം ഇച്ഛിക്കുന്ന നന്മകളുണ്ടാവൂ. നമ്മുടെ സന്തോഷം, വിജയം, സമ്പത്സമൃദ്ധി, ഐശ്വര്യം, അംഗീകാരം, ഒക്കെ ലഭിക്കുന്നത് നമ്മുടെ ഭാഗത്തുള്ള നല്ല ചെയ്തികൾ കൊണ്ടുതന്നെയാണ്. അതിനാൽ അതീവ ശ്രദ്ധയോടെ വീഴ്ച പറ്റാതെ, നാം അതിനുവേണ്ടി പ്രയത്നിച്ചേ പറ്റൂ. എ ിലേ നാം ഇച്ഛിച്ച രീതിയിൽ നവവത്സരം നന്മ നിറഞ്ഞതാകൂ.

ഭയം, സുരക്ഷിതത്വമില്ലായ്മ, അനാഥത്വം, ആപത്ത്, മുതലായവ ഭൂമിയിലെ സർവ്വ മനുഷ്യർക്കുമുണ്ട്. ഇവിടുത്തെ പ്രകൃതി തന്നെ അത്യാപത്തിനു നടുവിലല്ലേ. വൃക്ഷലതാദികളും പക്ഷിമൃഗാദികളും, കരയും, കടലുമൊക്കെ പരിതാപകരമായ ഒരവസ്ഥ നേരിടുകയാണ്. നെറികേട് കാട്ടിയാൽ മനുഷ്യൻ മാത്രമല്ല, പ്രകൃതിയും കോപിക്കും. ആ കോപത്തിന് ഇരയാകുന്നത് ഭൂമിയിലുള്ള ഓരോരുത്തരുമാണ്. മനുഷ്യന്റെ സ്വാർത്ഥതയാണ് എല്ലാറ്റിനും കാരണം. ഈ സ്വാർത്ഥമായ നീക്കം നിയമങ്ങളൊക്കെ തെറ്റിച്ചും അവൻ പ്രാവർത്തികമാക്കും. ഇതൊക്കെ ഇല്ലാതാക്കാൻ സ്വയം അവൻ അവനെത്തന്നെ അറിയണം. അവനിലുണ്ടാവുന്ന ദുർവ്വികാരങ്ങളുടെ ഉറവിടം അവന്റെ ശരീരബോധമാണ്. അവൻ ഒരിക്കലും ശരീരമല്ലെന്നും അതിനുള്ളിൽ കുടികൊള്ളുന്ന ആത്മാവാണെന്നും അറിയണം. ആത്മബോധമാണ് സത്ചിന്തകൾക്കും, സത്കർമ്മങ്ങൾക്കുമുള്ള സ്രോതസ്സ്. അവന്റെ ചെയ്തികളിലെ നിയമലംഘനം അപ്പോൾ അവൻ മനസ്സിലാക്കും. അപ്പോൾ അവൻ അവന്റെ അനാദിസ്വരൂപമായ ആത്മീയ ഗുണങ്ങളറിഞ്ഞ് പ്രവർത്തിക്കും. സ്നേഹം, കാരുണ്യം, പരിഗണനാഭാവം, ക്ഷമ, സഹനം, തൃപ്തി, മുതലായവയൊക്കെ അവന്റെ തനതു ഗുണങ്ങളാണ്. അതു നമ്മുടെ ജീവിതത്തിൽ കൊണ്ടുവരണം. അതിന് അവന്റെ നിജസ്വരൂപ ഭാവത്തിൽ വരണം. അതിന്റെ അറിവിലൂടെ, കർമ്മ നിയമമാണ് – "വിതച്ചതേ കൊയ്യൂ". നല്ലത് കൊടുത്താലേ നമുക്ക് തിരിച്ച് നല്ലത് കിട്ടൂ. ഇന്ന് ലോകത്തിന്റെ പോക്ക് എങ്ങോട്ടാണ്? എത്ര ലാഘവത്തോടെയാണ് കൊല്ലും കൊലയും നടക്കുന്നത്! എന്തിനുവേണ്ടി? ഇതിന്റെയൊക്കെ പരിണാമം എന്തായി ഭവിക്കും? ഒരു പൊടിക്കുഞ്ഞിനോ, ഒരു വൃദ്ധയ്ക്കോ പോലും സുരക്ഷിതത്വമുണ്ടോ? ഓരോരുത്തരും ചിന്തിക്കണം–മൃഗങ്ങൾ പോലും നാണിക്കുന്ന, അഥവാ ചെയ്യാത്ത പ്രകൃതിവിരുദ്ധതയും ദുഷ്ടതയുമാണ് മനുഷ്യമനസ്സുകളിൽ. ഇതൊക്കെ മാറ്റാൻ ശ്രമിക്കാതെ എന്തു പുതുമയാണ് നാം ഈ പുതുവർഷത്തിൽ കൊണ്ടു വരേണ്ടത്? ലോകത്ത് മറ്റുള്ളിടത്ത് പലർക്കും വന്നുഭവിച്ചു കൊണ്ടിരിക്കുന്ന ഈ ഭീകരതകൾ ഓരോന്നും ഇന്നല്ലെ ിൽ നാളെ തീർച്ചയായും എന്റെ വീട്ടിലേയും ഓരോരുത്തരുടെയും അനുഭവങ്ങളായി വന്നു ഭവിക്കാം എന്ന സത്യം ഓർക്കുക, അതിന്റെ ആഴത്തിൽ തന്നെ. അപ്പോൾ നിങ്ങൾ കാണുന്ന ലാഘവത്തോടെ വെറുതെ നോക്കിയിരിക്കുമോ? മറ്റുള്ളവർ അനുഭവിക്കുന്ന പ്രാണവേദന

എന്റേതുംകൂടിയാണ് എന്ന് ഓർക്കുക. നാം ചെയ്യുന്ന കർമ്മങ്ങളുടെ നന്മ-തിന്മകൾ തീർച്ചയായും നമ്മെ പുന്തുടർന്ന് വരും. സന്തോഷകരവും ദുഃഖകരവുമായത് അതിനോട് അനുബന്ധപ്പെട്ട് കിടക്കുന്നു. ഈശ്വരനല്ല നമുക്ക് ദുഃഖവും അശാന്തിയും അതൃപ്തിയും തരുന്നത്. ഈശ്വരൻ നന്മയുടെ വഴികൾ മാത്രമേ നമുക്ക് കാട്ടിത്തരുന്നുള്ളൂ. അതനുസരിച്ച് കർമ്മം ചെയ്താൽ നല്ലതു മാത്രമേ നമുക്ക് വരൂ. നമുക്കുണ്ടാകുന്ന പ്രശ്നങ്ങൾക്കും, ദുരന്തങ്ങൾക്കും ഒക്കെ കാരണം ഈശ്വരന്റെ ശ്രീമത് അനുസരിക്കാതെ സ്വന്തം ഇച്ഛയ്ക്കനുസൃതമായി ഓരോന്നു ചെയ്യുന്നതുകൊണ്ടാണ്. അതിന്റെ ഫലവും നമുക്ക് കിട്ടുന്നു. ആത്മീയതയിലൂടെ മാത്രമേ നമുക്ക് നല്ലൊരു ഭാവി നേടുവാനാകൂ. സത്യവും ധർമ്മവും പരിശുദ്ധിയും മനസാ -വാചാ-കർമ്മണാ കൈവിടാതെ ജീവിക്കാൻ ശീലിക്കണം. ഉപദ്രവങ്ങളിലൂടെ, ഭീഷണിയിലൂടെ ഒരാളെ നന്നാക്കുവാൻ കഴിയില്ല. അതിന് പരിമിതികളുണ്ട്. തെറ്റും കുറ്റങ്ങളും ഒക്കെ ചെയ്യുവാൻ തുടങ്ങുമ്പോൾ മനസ്സ് വിറയ്ക്കണം. മനസ്സാക്ഷിക്കുത്തുണ്ടാവണം. അവന് "ആ പ്രവർത്തി ചെയ്യരുത്" എന്ന മനസ്സിന്റെ വിലക്ക് മനസ്സിലാവണം. നിയമങ്ങളും ശിക്ഷകളുമൊക്കെ അതിന്റെ വഴിക്ക് തീർച്ചയായും ഉണ്ടാകണം. സ്നേഹത്തിന്റെ, പരിഗണനയുടെ, ശാന്തതയുടെ വഴി നാമോരോരുത്തരും പഠിക്കണം. നമ്മുടെ അടുത്ത തലമുറ അത് കണ്ട് വളരണം. നമ്മുടെ ഉള്ളിൽ ഉറങ്ങുകിടക്കുന്ന സ്നേഹത്തെ, കാരുണ്യത്തെ, മറ്റുള്ളവരെ സ്നേഹിക്കുവാനും സംരക്ഷിക്കുവാനുമുള്ള പ്രവണതയെ, സജീവമാക്കൂ. എല്ലാം നമ്മിലുണ്ട്. ഒന്നു പുറത്തെടുത്ത് സജീവമാക്കിയാൽ മാത്രം മതി. ഇത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ഒന്നിച്ചു നിൽക്കാം, ഒന്നു ശ്രമിക്കാം. ഈ അപാരശക്തിയ്ക്ക്, ഈശ്വരന്റെ, പരമശക്തിയുടെ പരിരക്ഷയും ഉണ്ടാകും. ഈ ലോകത്തെ നരകതുല്യമാക്കുന്ന രാക്ഷസീയതയെ തുടച്ചുമാറ്റി സ്വർഗ്ഗതുല്യമാക്കാൻ നമുക്ക് സാധിക്കും.

എല്ലാപേർക്കും ആശംസകൾ നേരുന്നതിനോടൊപ്പം പുതുവത്സരത്തിൽ ഓരോരുത്തരും സ്വയം പ്രതിജ്ഞ ചെയ്യൂ-''ഞാൻ, എന്റെ ലോകത്തിനു വേണ്ടി, എന്റെ ദേശത്തിനു വേണ്ടി, എന്റെ ഗ്രാമത്തിനു വേണ്ടി, എന്റെ വീടിനു വേണ്ടി, എന്റെ കുടുംബാംഗങ്ങൾക്കു വേണ്ടി, എന്റെ മനസ്സിൽ വിശ്വവിശാലമായ സ്നേഹവും കാരുണ്യവും കരുത്തും ശാന്തതയുമൊക്കെ ബാഹ്യമായും ആന്തരികമായും നിറയ്ക്കും. അതിനുവേണ്ടി അഹോരാത്രം പ്രയത്നിക്കും".


# സ്മരണാഞ്ജലി



**ഡോ. നിത്യാനന്ദൻ നായർ**

4.10.1940 – 29.12.2014

1980 മുതൽ ഈശ്വരീയ വിധി നിയമങ്ങൾ അനുസരിച്ച് ഗൃഹസ്ഥ ജീവിതം നയിച്ചു വന്ന ഡോ. നിത്യാനന്ദൻ നായർ നമുക്ക് അന്യമായ മറേറതോ ദൗത്യപൂർത്തീകരണത്തിനായി യാത്രയായി. കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും ഡെപ്യൂട്ടി കമ്മീഷണറായി വിരമിച്ച ശേഷം കഴിഞ്ഞ ഒരു വ്യാഴവട്ടത്തിലധികമായി ബ്രഹ്മാകുമാരീസ് മുഖ്യാലയത്തിനു സമീപം താമസിച്ചുകൊണ്ട് വിവിധ ഈശ്വരീയ സേവനങ്ങളിൽ എന്നും സ്വയം തത്പരനാകുകയും അനേകർക്ക് പ്രേരണയാകുകയും ചെയ്തു ആ മുതിർന്ന സഹോദരൻ. ഹവിസ്സിനെ സംബന്ധിച്ചിടത്തോളം നികത്താനാകാത്ത വിടവാണ് അകാലത്തിലുള്ള ആ വേർപാട്. പിതൃസ്ഥാനത്തു നിന്ന് എന്നും ഞങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്ന ആ മഹാത്മാവിന് ഹവിസ്സിന്റെ സ്മരണാഞ്ജലി.



# തത്വമസി

സുജിത്ത് പേരാമ്പ്ര, കോഴിക്കോട്

നമ്മുടെ രാഷ്ട്രത്തിന് തനതായ ഒരു സാംസ്കാരിക പൈതൃകമുണ്ട്. ലോകത്തിലെ സകലതും ആ പൈതൃകത്തിൽ സമന്വയിക്കും. ഈ സംസ്കൃതിയുടെ അടിത്തറയും അവശേഷിപ്പുമാണ് ക്ഷേത്രങ്ങൾ. കേവലം വിശ്വാസത്തിനപ്പുറം ഒരു കാലത്ത് ഇവിടെ നിലനിന്നിരുന്ന ഉജ്ജ്വലമായ ഒരു സംസ്കാരത്തിന്റെ സ്മൃതി മന്ദിരം കൂടിയത്രെ ക്ഷേത്രങ്ങൾ. ക്ഷയത്തിൽ നിന്നും ത്രാണനം ചെയ്യിക്കുന്നവയാണ് ക്ഷേത്രങ്ങൾ. ആധുനിക ശാസ്ത്രം സമസ്ത സീമകളും ലംഘിച്ച് കുതിച്ചു ചാട്ടം നടത്തുമ്പോൾ ഏതൊരു ക്ഷയത്തിൽ നിന്നാണ് ത്രാണനം ചെയ്യേണ്ടതെന്ന സംശയം വരാം. ചുംബന സമരങ്ങളും മററും കോലാഹലം സൃഷ്ടിക്കുന്ന വർത്തമാന സമയത്ത് ആദ്ധ്യാത്മികമായും സാംസ്കാരികമായും മാനവ സമൂഹം വൻ ക്ഷയത്തെ തന്നെയാണ് നേരിടുന്നത്. ഈ ക്ഷയത്തെ മുൻകൂട്ടി കണ്ടിട്ടു തന്നെയാവണം ദീർഘദർശികളായ ആചാര്യൻമാർ ക്ഷേത്രസംസ്കാരത്തെ ഇത്രയും വിപുലപ്പെടുത്തിയത്.

ക്ഷയത്തിൽ നിന്ന് ത്രാണനം ചെയ്യണമെ ിൽ ആദ്യം താൻ ഏതൊരു ക്ഷയത്തിലാണെന്ന് തിരിച്ചറിയണം. തന്റെ യഥാർത്ഥ സ്വരൂപത്തിന്റെ വിസ്മൃതിയിൽ നിന്ന് ഉത്പ്പന്നമാകുന്ന ദു:ഖത്തിൽ നിന്നുള്ള രക്ഷ തന്നെയാണ് ആദ്യം വേണ്ടത്. ആത്യന്തിക ദു:ഖ നിവൃത്തിയാണ് മോക്ഷം എന്നതാണ് പൂർവ്വിക മതം.

നിർഭാഗ്യമെന്ന് പറയാം ക്ഷേത്രം ഏതൊരു ലക്ഷ്യത്തെയാണോ മുന്നിൽ വെച്ചത്, ആചാരങ്ങളും അനുഷ്ഠാനങ്ങളും ഏതൊരു സൂക്ഷ്മതയിലേക്കാണോ മനുഷ്യനെ കൊണ്ടു പോകാൻ ഉദ്ദേശിച്ചത്, നേർ വിപരീതമായിട്ടാണ് കാര്യങ്ങൾ പോകുന്നത്. ശ്രീകോവിലിന് മുന്നിൽ നിന്ന്, ഉള്ളിൽ കുടി കൊള്ളുന്ന മൂർത്തി താൻ തന്നെയാണെന്ന് തിരിച്ചറിയാതെ, വിഗ്രഹത്തിന്റെ അല ാരങ്ങൾ താൻ അണിയേണ്ട ഗുണങ്ങൾ എന്ന ആഭരണങ്ങളാണെന്ന് മനസ്സിലാക്കാതെ, ഭക്തിയുടെ മുഖപടം അണിഞ്ഞ് ധാർമികതയുടെ വിളനിലങ്ങൾ സിനിമാററിക്ക് ഡാൻസുകളുടെയും ഗാനമേളകളുടെയും കൂത്തരങ്ങുകളാക്കി മാററിയ വർത്തമാനകാലം വേദനയോടു കൂടി മാത്രമേ നോക്കി നിൽക്കാനാവൂ. മനുഷ്യനെ ആദ്ധ്യാത്മികതയിലേക്ക് ഉയർത്തുന്ന ക്ഷേത്രമെന്ന മഹത്തായ പാഠശാലയിൽ നിന്ന് ലഭിക്കേണ്ടത് വാസ്തവത്തിൽ വിദ്യയാണ്. ആ വിദ്യാലയത്തിൽ പരോക്ഷരൂപത്തിൽ ഒളിഞ്ഞിരിക്കുന്ന വിദ്യയെ തിരിച്ചറിയാൻ അന്ത:കരണത്തിനും ബുദ്ധിക്കും ശുദ്ധത പ്രദാനം ചെയ്യാൻ സഹായിക്കുന്നതാണ് അവിടത്തെ സകല ആചാരങ്ങളും.


അഗ്നി ആത്മദീപമാണ്, നെയ്യ് യോഗശക്തിയാണ്, മൂർത്തി താൻ തന്നെയാണ്. അണമുറിയാത്ത യോഗശക്തിയാകുന്ന നെയ്യ് പകരുമ്പോൾ പ്രോജ്ജ്വലിക്കുന്ന ആത്മദീപത്തിന്റെ വെളിച്ചത്തിലൂടെ താൻ തന്നെയാണ് ആ മൂർത്തി എന്ന് തിരിച്ചറിയുന്നു. അപ്പോൾ മാത്രമാണ് തത്വമസി എന്ന വാക്യം ക്ഷേത്രദർശനത്തിലൂടെ സഫലമാകുന്നത്.



# സുഖ-ദുഃഖങ്ങൾ

ബി.കെ. അനില, തിരുവനന്തപുരം

ഭാരതീയ തത്ത്വചിന്തയനുസരിച്ച് വളരെ ചർച്ചാ വിഷയമായി മാറിയിട്ടുള്ള ഒരു വിഷയമാണ് സുഖപ്രാപ്തിയും ദുഃഖനിവൃത്തിയും. സുഖവും ദുഃഖവും ജീവിതത്തിന്റെ പാതയിലൂടെ മനുഷ്യനെ കൊണ്ടുപോകുന്ന രണ്ട് പ്രേരക ശക്തികളാണ്. സുഖദുഃഖങ്ങൾ മനുഷ്യനെ ബാധിക്കുന്നത് കർമ്മത്തിന്റെ ബന്ധത്തിലൂടെയാണ്. കർമ്മത്തിലൂടെ മനുഷ്യൻ ലക്ഷ്യമാക്കുന്ന രണ്ട് കാര്യങ്ങളുണ്ട്. 1.ധനം, 2.സ്ഥാനമാനങ്ങൾ. ഇവയിലൂടെ സുഖത്തിന്റെ കാര്യങ്ങൾ പ്രാപ്തമാകുവാൻ നോക്കുന്നു. എന്നാൽ അവ പ്രാപ്തമായാലും സ്ഥായിയായ സുഖത്തിന്റെ പ്രാപ്തി ഉണ്ടാകുന്നില്ല. അതിന്റെ കാരണങ്ങൾ അനവധിയാണ്. സുഖവും ദുഃഖവും ചാക്രികമായി ആവർത്തിക്കുന്ന കാര്യങ്ങളാണ്. ഇത് കാലത്തിന്റെ സ്വഭാവമാണ്. സുഖത്തിനു ശേഷം ദുഃഖമുണ്ടാകും, ദുഃഖത്തിനു ശേഷം സുഖവും. എല്ലാക്കാലത്തേയ്ക്കും ദുഖം അനുഭവിക്കുന്നവരോ എന്നെന്നും സുഖം അനുഭവികുന്നവരോ ആയി ആരുമില്ല. അതിനാൽ ഏതിലെ ലിലും താത്കാലിക നേട്ടങ്ങളിൽ അഹ രിച്ച് സന്തോഷിച്ചുകൊണ്ടിരിക്കുന്നതും നഷ്ടങ്ങളിൽ പരിതപിച്ചുകൊണ്ടിരിക്കുന്നതും അർത്ഥമില്ലാത്തതാകുന്നു. സുഖമായാലും ദുഖമായാലും മാനസികവുമുണ്ട് ശാരീരികവുമുണ്ട്. ശാരീരിക വേദനയ്ക്ക് കാരണം രോഗമാകാം, അപകടമാകാം. മാനസിക വേദന – മോഹം, ധനനഷ്ടം, വാർദ്ധക്യം – തുടങ്ങിയവയിലൂടെയെല്ലാം ഉണ്ടാകുന്നു. ദുഃഖത്തിൽ നിന്നും ഒഴിവായിരിക്കുന്നതിനുള്ള ആദ്യത്തേയും സഹജവുമായ ഒരു ഉപായമാണ് – അതിനെക്കുറിച്ച് കൂടുതലായി, വീണ്ടും വീണ്ടും ചിന്തിക്കാതിരിക്കുക. അത് പരിഹരിക്കുവാൻ ശ്രമിക്കണം. ശാരീരിക വേദന ഔഷധം കൊണ്ട് മാറ്റുവാൻ കഴിയും. മാനസിക വേദനകൾ ജ്ഞാനത്തിലൂടെയും ഈശ്വരന്റെ ഓർമ്മയിലൂടെയും മാറ്റുവാൻ കഴിയും. ചില ശാരീരികവും മാനസികവുമായ ദുഖങ്ങളുടെ കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയുടെ അനുഭവവും ഉണ്ടാകാം. എന്നാൽ അറിവ് നൽകുന്ന വിവേകവും ഈശ്വരന്റെ ഓർമ്മ തരുന്ന ശക്തിയും ചേരുമ്പോൾ ആന്തരികമായ സന്തോഷം ഉള്ളിൽ ഉണ്ടാകും. ആ ആന്തരിക സന്തോഷത്തിൽ സ്ഥിതി ചെയ്യണം. അത് ജീവിതത്തെ മുന്നോട്ട് നയിക്കും. എന്നാൽ, ദുഃഖചിന്തകൾ നമ്മുടെ ശക്തിയെയും ബുദ്ധിയെയും ഇല്ലാതാക്കും. രോഗങ്ങളിലേയ്ക്ക് നയിക്കും. അത് ഒരു വിഷമായി നമ്മളെ ഇല്ലായ്മ ചെയ്തുകളയും. സുഖ–ദുഃഖങ്ങളിൽ നമ്മൾ ഒന്ന് ഓർമ്മിക്കണം – സൂര്യൻ അസ്തമിച്ചാൽ പകൽ അവസാനിക്കും, ഇരുട്ട് മൂടും. എന്നാൽ രാത്രിയും അവസാനിക്കും. പുതിയ ഉദയം ഉണ്ടാകും, പ്രകാശം പരക്കുകയും ചെയ്യും. മനുഷ്യർ പലരും സുഖം അന്വേഷിക്കുന്നത് സുഖഭോഗ വസ്തുക്കളിൽ മാത്രമാണ്. സുഖഭോഗ വസ്തുക്കൾ വിനാശിയാണ്. പരിശ്രമിച്ച് സമ്പാദിച്ച എന്തും അസ്ഥിരവും നശ്വരവുമാണ്. എന്നാൽ മനുഷ്യന്റെ തൃഷ്ണകൾക്ക് അന്ത്യമില്ലാതെയുമിരിക്കുന്നു. മറ്റുള്ളവർക്ക് അവകാശപ്പെട്ടതു കൂടി



# അമൃത തീരം

നിഖിൽ എലത്തൂർ, കോഴിക്കോട്

ഏതൊരുൽഘട ഭാവമതു ഞാൻ
തേടിയീ പന്ഥാവിലേകനായ്

മൂകമായൊരു യാത്ര തുടരവെ
സുകൃത ദീപ്തികൾ ചിറകു വീശി

ആർദ്ര മാനസ സരോവരത്തിൽ
ആത്മദീപ ചിരാതൊഴുക്കി

അമൃത തീരം ഞാനണഞ്ഞു
വിശ്വപ്രിയനെൻ തോഴനായി

സ്വന്തമാക്കാനുള്ള ഭ്രാന്തമായ ആവേശം മഹാഭാരതകഥയിൽ കാണുവാൻ കഴിയുന്നു. വിശപ്പ് അടങ്ങുമ്പോൾ ആഹാരത്തോടുള്ള ആഗ്രഹം അടങ്ങുന്നു. ലക്ഷ്യമാക്കിയത് നേടുമ്പോൾ ക്രോധം പോലും അടങ്ങും. പക്ഷെ ലോകം മുഴുവൻ പിടിച്ചടക്കിയാലും അത്യാർത്തി അവസാനമില്ലാതെ തുടരുന്നു. അത് പിന്നീട് ദുഃഖത്തിലേയ്ക്ക് നയിക്കുകയും ചെയ്യും. അതിനാൽ ഏത് കാലത്തിലായാലും സുഖാനുഭവം ഉണ്ടായിരിക്കണമെ ിൽ നമ്മൾ സത്യത്തിൽ ഉറച്ചിരിക്കണം. നിസ്സ്വാർത്ഥരാകണം. നിർമ്മോഹികളാകണം. ആരെയും ദുഃഖിപ്പിക്കരുത്. വ്യവഹാരത്തിൽ, കർമ്മത്തിൽ സ്നേഹം, ക്ഷമ, ദയ, ഉത്സാഹം, ഉന്മേഷം തുടങ്ങി ഗുണങ്ങൾ ധാരണ ചെയ്യണം. അത് സ്വതവേ ദുഃഖത്തിന്റെ നിവൃത്തി ഉണ്ടാകും. നമ്മെ സന്തുഷ്ടമണികളാക്കി മാറ്റും.

## മഹദ് വചനങ്ങൾ

**നിങ്ങൾക്ക് എന്തും ഏതും ചെയ്യുവാൻ കഴിവുണ്ട്.**
**അതു വിശ്വസിക്കുക. ദുർബലരാണെന്ന് കരുതരുത്.**
**എഴുന്നേററു നിന്ന് നിങ്ങളിലെ**
**ദിവ്യതയെ ആവിഷ്കരിക്കുക.**





# ജ്യോതിഷവും ദോഷപരിഹാരങ്ങളും - 3

ബി.കെ.അനിൽ, തിരുവനന്തപുരം

ജ്യോതിഷം ഒരു ശാസ്ത്രമാണോ എന്ന് ചോദിക്കുന്നവരുണ്ട് . നമ്മുടെ ചുറ്റുമുള്ളതും അനുഭവപ്പെടുന്നതുമായ എല്ലാ കാര്യങ്ങൾക്കും ശാസ്ത്രീയമായി നമുക്ക് വിശദീകരണം നൽകുവാനാകുമോ? ഇല്ല . ഏത് കാര്യത്തെക്കുറിച്ചുമാകട്ടെ, നമുക്ക് ലഭിച്ച എല്ലാ അറിവും സത്യമാണോ? അല്ല. നമ്മൾ വിശ്വസിച്ചുപോന്ന പല അറിവുകളും വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. അറിവ് എന്നതിന് അറിഞ്ഞത് എന്ന സാമാന്യ അർത്ഥം പറയാം. അറിഞ്ഞതെല്ലാം സത്യമാകണമെന്നില്ല. സാമാന്യബുദ്ധിയ്ക്ക് നിരക്കുന്നതും, വിവേകയുക്തവും അനുഭവത്തിൽ വരുന്നതുമായ കാര്യമാകുമ്പോൾ അത് സത്യമായിരിക്കും എന്ന് നമ്മൾ അംഗീകരിക്കുന്നു. എന്നാൽ ഈ കാര്യങ്ങൾ പോലും വ്യക്തികൾക്കനുസരിച്ചും കാലത്തിനനുസരിച്ചും മാറ്റങ്ങൾ വരുന്നവയാണ് എന്നതാണ് സത്യം. സയൻസിന്റെ പിൻബലം ഉള്ളതുമാത്രമേ വിശ്വസിക്കുകയുള്ളൂ എന്ന് പറയുന്ന ചിലരുണ്ട്. എന്നാൽ സയൻസ് തെളിയിച്ച കാര്യങ്ങൾ മാത്രമല്ലല്ലോ നമ്മൾ അംഗീകരിക്കുന്നത്. സയൻസ് അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. എന്നാൽ ജീവിതവുമായി ബന്ധപ്പെട്ട ലോകത്തിലെ കുറച്ചു ശതമാനം കാര്യങ്ങൾ മാത്രമേ സയൻസിന് തൃപ്തികരമായി വിശദീകരിക്കുവാൻ കഴിയുന്നുള്ളൂ. പലതും അപൂർണ്ണമാണ്. സയൻസിന്റെ പല പ്രവചനങ്ങളും തെറ്റിപ്പോകാറുമുണ്ട്. പല കണക്കുകൂട്ടലുകളിലും പിശകുകൾ പറ്റാറുമുണ്ട് ജ്യോതിഷത്തിന് രണ്ട് ഭാഗങ്ങളുണ്ട്. 1-ഗണിതം. 2- ഫലപ്രവചനം. ഗണിതം കൃത്യമായ ശാസ്ത്രമാണ്. എന്നാൽ ഫലപ്രവചനം ശാസ്ത്രീയമായി തെളിയിക്കുവാൻ കഴിയുന്ന ഒന്നല്ല. ഉദാഹരണത്തിന് ശനിയ്ക്ക് രോഗം, അപമാനം, ആപത്ത്, ബന്ധനം, തുടങ്ങിയവയുടെ കാരകത്വം എന്തുകൊണ്ട് കൊടുത്തുവെന്നോ വ്യാഴത്തിന് എന്തുകൊണ്ട് സദ്ഗതി, ഭാഗ്യം, ഐശ്വര്യം, ഈശ്വരാനുഗ്രഹം തുടങ്ങിയ കാരകത്വങ്ങൾ കൊടുത്തുവെന്നോ, ഓരോ രാശികളുടെയും ഭാവഫലങ്ങളുടെ വിഭജനം എന്തിന്റെ അടിസ്ഥാനത്തിലെന്നോ ശാസ്ത്രീയമായി കണക്കാക്കുവാൻ കഴിയില്ല. എന്നാൽ പല അന്ധവിശ്വാസങ്ങളുടെ കലർപ്പുകളിൽ നിന്നും സ്ഫുടം ചെയ്തെടുത്ത ജ്യോതിഷം അറിയുന്നവർ ഇന്നുമുണ്ട്. അവരുടെ ഫലപ്രവചനങ്ങൾ യാഥാർത്ഥ്യവുമായി വളരെ അടുത്തു നിൽക്കുന്നതും (അടുത്തു നിൽക്കുന്നുവെന്ന് മാത്രമേ പറയുവാനാകൂ. കാരണം, സംഭവിക്കുവാനുള്ള സാധ്യതയിലേയ്ക്കാണ് ഇത് കൂടുതലും സൂചന തരുന്നത്) പ്രായോഗ്യവുമാണെന്ന് നമുക്ക് കാണുവാൻ കഴിയും. സംഭവ്യസാധ്യത മാത്രമാണ് ജ്യോതിഷം തരുന്നതെ ിൽ അതിലേയ്ക്ക് പോയിട്ട് എന്തു പ്രയോജനം എന്ന് ചോദിക്കുന്നവരുണ്ട്. എന്നാൽ അത് പ്രസക്തമായ ചോദ്യമല്ല. ചില ഗുണ്ടകൾ വന്ന് നമ്മെ ആക്രമിക്കുവാൻ പോകുന്നുവെന്ന സൂചന ലഭിച്ചാൽ നമ്മുടെ സുരക്ഷയ്ക്കുള്ള ഉപാധികൾ കണ്ടെത്തുവാൻ സാധിക്കും. അതിനുപകരം സൂചനകളെ അവഗണിച്ചാൽ ഗുണ്ടകളുടെ ആക്രമണത്തിൽ പെട്ട് കഷ്ടത അനുഭവിക്കുവാൻ ഇടയുണ്ട്.

അതിനാൽ ജ്യോതിഷം ശാസ്ത്രീയമല്ല എന്ന് പറഞ്ഞ് തള്ളിക്കളയുവാൻ പാടില്ല. പക്ഷെ, ഉപയോഗിക്കേണ്ട രീതിയിൽ അതിനെ ഉപയോഗിക്കുന്നില്ലെ ിൽ അത് ഗുണത്തേക്കാളേറെ ദോഷവും ചെയ്യും. അബദ്ധ ധാരണകൾ ഇക്കൂട്ടത്തിൽ പെടുന്നവയാണ്. ഉദാഹരണത്തിനായി, രാഹുവിന്റെ കാര്യം തന്നെയെടുക്കാം. സൂര്യനെ രാഹു എന്ന സർപ്പം വിഴുങ്ങുന്നതാണ് സൂര്യഗ്രഹണമെന്നും, ചന്ദ്രനെ വിഴുങ്ങുന്നതാണ് ചന്ദ്രഗ്രഹണമെന്നും കഥയുണ്ട്. സൂര്യനെ വിഴുങ്ങുന്ന രാഹു എവിടെ എന്ന് ചോദിച്ച് യുക്തിവാദികൾ ജ്യോതിഷം വെറും അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമാണ് എന്ന് പരിഹസിച്ച് തള്ളിക്കളയുകയും ചെയ്യുന്നു. വാസ്തവത്തിൽ ശാസ്ത്രത്തിന്റെ ഗൂഢ തത്ത്വങ്ങൾ സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്നതിനുവേണ്ടിയാണ് ആല ാരിക രൂപത്തിൽ പല കഥകളും നിലവിൽ വന്നത്. കഥ ഉദ്ദേശിക്കുന്ന തത്ത്വം എന്ത് എന്നത് മറക്കുകയും കഥയെ മാത്രം നിലനിർത്തുകയും കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്യുകയാണ് പുരാണങ്ങളുടെ കാര്യത്തിൽ സംഭവിച്ചത്. തത്ത്വം മറന്നുപോയ ആല ാരിക കഥയുടെ മറ്റൊരു ഉദാഹരണം പറയുകയാണെ ിൽ, ഗണപതിയെ വിഘ്ന വിനാശകന്റെ രൂപത്തിൽ ആരാധിക്കുന്നുവല്ലോ. ഗണപതിയുടെ സുന്ദരിമാരായ രണ്ട് ഭാര്യമാരാണ് സിദ്ധിയും ബുദ്ധിയും. ഇത് സാധാരണ പെണ്ണുങ്ങളായി വിചാരിച്ചാൽ അബദ്ധമായിപ്പോകും. ഇവരിൽ ജനിച്ച മക്കളാണ് ക്ഷേമവും ലാഭവും എന്ന് പറയുന്നു. ഇതും സാധാരണ സന്തതികളായി വിചാരിച്ചാൽ തെറ്റിപ്പോകും. വിഘ്നവിനാശത്തിൽ സിദ്ധിയുടെയും ബുദ്ധിയുടെയും പങ്കും, അതിലൂടെ ജനിക്കുന്ന ക്ഷേമവും ലാഭവും കോർത്തിണക്കിയാൽ ഇതിന്റെ സന്ദേശം മനസ്സിലാക്കാവുന്നതാണ്. സാമാന്യജനങ്ങൾക്ക് ശനി എന്നപോലെ രാഹു എന്ന് കേൾക്കുമ്പോഴും ഭയമാണ്. അതിന്റെ കാരണം, ശനിയെപ്പോലെത്തന്നെ ചില അശുഭകരമായ കാര്യങ്ങളുടെ കാരകത്വമാണ് കൂടുതലായും രാഹുവിന് നൽകിയിരിക്കുന്നത്. രാഹുവിന് നൽകപ്പെട്ട കാരകത്വം- ദുഷ്ടചിന്തയും പ്രവർത്തിയും, അധമരുമായുള്ള സഹവാസം, അതൃപ്തി, അസത്യം പറയൽ, കുഷ്ഠം തുടങ്ങിയ രോഗം, ഇങ്ങനെ അനേകമുണ്ട്.(രാഹു സൂചിപ്പിക്കുന്ന ശുഭ ഫലങ്ങളുമുണ്ട്, മറ്റെല്ലാ ഗ്രഹങ്ങളെയും പോലെ) ജ്യോതിഷത്തിൽ രാഹുവിനെയും കേതുവിനെയും തമോഗ്രഹങ്ങൾ അഥവാ ഛായാഗ്രഹങ്ങൾ എന്ന് പറയുന്നു. യഥാർത്ഥത്തിൽ അവ ഗ്രഹങ്ങളല്ല. ഭൂമി സൂര്യനെ ചുറ്റുന്ന ഭ്രമണപഥവും ചന്ദ്രൻ ഭൂമിയെ ചുറ്റുന്ന ഭ്രമണപഥവും തമ്മിൽ സ്പർശിക്കുന്ന രണ്ട് ബിന്ദുക്കളുണ്ട്. തമ്മിൽ 180ഡിഗ്രി അകന്ന് നിൽക്കുന്ന ഈ രണ്ട് ബിന്ദുക്കളെ(നോഡസ്) ഉപയോഗിച്ച് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും കണക്കാക്കുവാൻ ഉപയോഗിച്ചിരുന്നു. രാഹുവിനെ ശനിയെന്ന പോലെ സാമാന്യജനത്തിന് ഭയമാണ്. ഈ ബിന്ദുക്കളാണ് രാഹുവും കേതുവും. മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ, നമ്മൾ മനസ്സിലാക്കേണ്ട മുഖ്യമായ കാര്യം, ഈ ഗ്രഹങ്ങൾ തരുന്നതല്ല ഫലാനുഭവങ്ങൾ. ദശാകാലമായി പൊതുവേ പറയുന്നത് ആ ഗ്രഹം സൂചിപ്പിക്കുന്ന കാരകത്വങ്ങളുടെ ശുഭമോ അശുഭമോ ആയ ഫലാനുഭവം ഉണ്ടാകുന്നുള്ള സാദ്ധ്യതയാണ്. രാഹു-കേതുക്കളെ ഒഴിവാക്കിക്കൊണ്ട് തന്നെ ഫലപ്രവചനം സാദ്ധ്യമാകുന്നു എന്ന് സമർത്ഥിക്കുന്നവരുമുണ്ട്. രാഹു ദശയും കേതു ദശയും ഫലപ്രവചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെ ിലും വാസ്തവത്തിൽ ദശാസമ്പ്രദായത്തേക്കാൾ ഗൃഹചാര(ഇപ്പോൾ ഗ്രഹങ്ങളുടെ സഞ്ചാരത്തിനിടെ മറ്റു ഗ്രഹങ്ങളുമായോ ഭാവങ്ങളുമായോ ബന്ധത്തിൽ വരുന്നത്) വിചിന്തനത്തിനാണ് ഫലപ്രവചനവുമായി കൂടുതൽ യോജിച്ചുവരുന്നുവെന്നതും സത്യമാണ്. (ഇതിനെക്കുറിച്ച് പിന്നീട് വിശദീകരിക്കാം).

ജീവിതത്തിൽ ഉണ്ടായതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും, ഇനി ഉണ്ടാകാൻ പോകുന്നതും വിധിയ്ക്കപ്പെട്ടവയാണോ? അതോ നമുക്ക് സ്വതന്ത്രമായ ഇച്ഛാശക്തി ഉണ്ടോ? വിധിയും സ്വതന്ത്രമായ ഇച്ഛാശക്തിയും എന്നത് ഒരു തർക്കവിഷയമാണ്. സംഭവിക്കുന്ന ഏറ്റവും സൂക്ഷ്മമായ കാര്യം പോലും പൂർവ്വ നിശ്ചിതമാണെന്നും, വിധിയുടെ കൈകളിലെ കളിപ്പാവകളാണ് നാമെന്നുമാണ് ഒരു വാദം. ഇതിനു വിപരീതമായി മറ്റൊരു വാദമുണ്ട്. യുക്തമായ ഉപാധികൾ സ്വീകരിക്കാമെ ിൽ മനുഷ്യന് അസാദ്ധ്യമായ ഒന്നുമില്ല എന്നതാണ് അത്. എന്നാൽ രണ്ടും പലപ്പോഴും തെറ്റിപ്പോകുന്ന രീതിയിലാണ് നമ്മുടെ അനുഭവങ്ങൾ പലതും. രണ്ടിനെയും ഒരുമിച്ച് ചേർക്കാം എന്ന്

വിചാരിച്ചാൽ പരസ്പരവൈരുദ്ധ്യം ഉള്ളതായി തോന്നുകയും ചെയ്യും. കാരണം, ഒരു കാര്യം നടന്നേ തീരൂ എന്ന് വിധിക്കപ്പെട്ടതാണെ  ിൽ, ആ കാര്യത്തിൽ സ്വതന്ത്രമായ ഇച്ഛാശക്തി ഉപയോഗിക്കുവാൻ കഴിയില്ല എന്നല്ലേ അർത്ഥമാക്കേണ്ടത്? സാമാന്യബുദ്ധിയ്ക്ക് നിരക്കുന്നതും അതുതന്നെയല്ലേ? ചിലപ്പോൾ നന്മയുള്ളവർ പരിതപിക്കുകയും തിന്മയുള്ളവർ പരിലസിക്കുകയും ചെയ്യുന്നത് കാണുവാൻ കഴിയുന്നു. നന്മയുടെ നല്ല പ്രതിഫലം അവർക്ക് കിട്ടുന്നില്ല. തിന്മയുടെ ദോഷഫലങ്ങളും അത് ചെയ്യുന്നവർക്ക് ഉണ്ടാകുന്നില്ല. ഇത് എങ്ങനെ ന്യായീകരിക്കുവാനാകും? ഫോർ എവരി ആൾഷൻ ദേർ ഇസ് ആൻ ഈക്വൽ ആന്റ് ഓപ്പോസിറ്റ് റിയാക്ഷൻ എന്ന ന്യൂട്ടൺ-ന്റെ സിദ്ധാന്തം കർമ്മസിദ്ധാന്തവുമായി താരതമ്യം ചെയ്യുമ്പോൾ, പ്രവൃത്തിക്ക് തുല്യമായ ഒരു ഫലം ചെയ്ത ആൾക്ക് വന്നുഭവിക്കും എന്നാണ് നമ്മൾ മനസ്സിലാക്കുന്നത്.

കർമ്മസിദ്ധാന്തമനുസരിച്ച് ആദ്യത്തേതിനെ സഞ്ചിത കർമ്മം എന്ന് പറയുന്നു. അതായത് പൂർവ്വ ജന്മത്തിൽ അനുഭവിക്കാതെ ഈ ജന്മത്തിലേയ്ക്ക് കൊണ്ടുവരപ്പെട്ട കർമ്മാനുഭവം. (നന്മയുള്ളവർ പരിതപിക്കുന്നതിന്റെ കാരണം ഇതാകാം. ചെറിയ തെറ്റ് ചെയ്തിട്ടും, വലിയ ശിക്ഷ ശാപമായി നേടിയ പരീക്ഷിത്തിന്റെ കഥയും ചിന്തനീയമാണ്.) രണ്ടാമത്തേത് ഭാവിയിൽ അല്ലെ  ിൽ ഭാവി ജന്മത്തിൽ ഫലം അനുഭവിക്കേണ്ടി വരുന്ന കർമ്മം.(തിന്മ ചെയ്തിട്ടും പരിലസിക്കുന്നവർ ഇനി ഭാവിയിലായിരിക്കാം അതിന്റെ ഫലം അനുഭവിക്കുവാൻ പോകുന്നത്.). അതുകൊണ്ട് മനുഷ്യൻ കഴിഞ്ഞ കർമ്മങ്ങളുടെ ഫലം അനുഭവിക്കാൻ വിധിക്കപ്പെട്ടവനുമാണ്, അതിനോടൊപ്പം പുതിയ കർമ്മങ്ങൾ ചെയ്യുന്നതിനുള്ള സ്വതന്ത്രമായ ഇച്ഛാശക്തിയും മനുഷ്യന് ഉണ്ട്. ഇതുതന്നെയാണ് നമ്മുടെ പ്രത്യക്ഷാനുഭവം.

ഒരു വ്യക്തി മറ്റൊരാളെ ദ്രോഹിക്കുന്നുവെ  ിൽ, കഴിഞ്ഞ ജന്മത്തിൽ അങ്ങോട്ട് ദ്രോഹിച്ചതിന്റെ ഫലമാണ് എന്ന് പറയുന്നത് തികച്ചും ഹാനികരമായ തത്ത്വമാണ്. ഈ ന്യായീകരണത്തിനോ രക്ഷപ്പെടലിനോ കർമ്മസിദ്ധാന്തം എന്ന പേര് നൽകുവാൻ കഴിയുകയില്ല. ചില രോഗാണുക്കൾ കാരണം ഒരാൾ കഷ്ടപ്പെടുന്നുവെ  ിൽ കഴിഞ്ഞ ജന്മം ആ രോഗാണുക്കളെ ഇയാൾ കഷ്ടപ്പെടുത്തിയതിനാലാണ് എന്ന് പറയുന്നതുപോലെ ഒരു അബദ്ധമെന്നല്ലേ ഇതിനെയും പറയുവാനാകൂ. പ്രപഞ്ചത്തിലേ ഏതൊന്നിന് ഹാനി വരുത്തിയാലും ഒരു നാൾ പ്രപഞ്ചത്തിലൂടെ ദുഃഖം അനുഭവിക്കേണ്ട സ്ഥിതി വിശേഷം വന്നുചേരും എന്ന അനാദി നിയമമാണ് നമ്മൾ കർമ്മസിദ്ധാന്തത്തിലൂടെ മനസ്സിലാക്കേണ്ടത്. ഇനി, ഒരാൾ ജ്യോതിഷത്തിൽ വിശ്വസിച്ചില്ലെ  ിലും, അനാചാരമോ ദുരാചാരമോ ഒന്നും ഇല്ലാതെ ജീവിതം നയിച്ചാലും മതി. അതിനു സാധിക്കണമെന്നു മാത്രം. എന്നാൽ സ്വഭാവം, നന്മ-തിന്മകൾ, കുറവുകൾ, കലകൾ, വിശേഷതകൾ, എന്താണെന്നും അതിനെ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നുമുള്ള സൂചന കൂടി ഇതിന് തരാൻ സാധിക്കും. അതിനാൽ ജ്യോതിഷം ശാസ്ത്രീയമാണോ എന്ന ചോദ്യത്തിനുപരി, ഇത് പ്രയോജനപ്രദമാണോ എന്ന് ചിന്തിക്കുന്നതാവും കൂടുതൽ ഉചിതം. ഒന്നും അമിതമാകരുത്, അന്ധവുമാകരുത് എന്ന് പറയുന്നത് മറ്റെല്ലാ കാര്യങ്ങളെപ്പോലെ ഇതിലും ബാധകമാണ്. ഏതായാലും ഒരു കാര്യം നമുക്ക് ഉറപ്പിച്ച് പറയാം- എനിക്ക് എന്റെ മനസ്സിനെ നന്മയിലേയ്ക്കാണോ കൊണ്ടുപോകേണ്ടത്, അതോ തിന്മയിലേയ്ക്കോ എന്നത് നമ്മുടെ സ്വതന്ത്ര ഇച്ഛാശക്തി ഉപയോഗിച്ച് തീരുമാനിക്കുക. എ  ിലും, പല കാര്യങ്ങളിലും നമുക്ക് സ്വാതന്ത്ര്യം ഉണ്ടെന്ന് തോന്നാമെ  ിലും വാസ്തവത്തിൽ അങ്ങനെയല്ല എന്നത് അനിഷേധ്യമായ സത്യമാണ്.

# വിവേകപൂർവ്വമായ സഹായം

കൃഷ്ണനുണ്ണി, പാലക്കാട്

കൊക്കൂൺ പൊട്ടി പുറത്തെത്തുന്ന വർണ്ണ ശലഭങ്ങളുടെ ജീവിത ചക്രത്തെക്കുറിച്ചാണ് മാഷ് കുട്ടികളെ ഇന്ന് പഠിപ്പിക്കുന്നത്. മാഷ് കുട്ടികളെ പൂന്തോപ്പിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി കൊക്കൂൺ കാണിച്ചു കൊടുത്തു. ഇനി അതു പൊട്ടി ശലഭം പുറത്തു വരുന്നതു വരെ ക്ഷമയോടെ കാത്തിരിക്കാൻ ഉപദേശിച്ചു. അതിൽ ഒരു കുട്ടിക്ക് ഔന്നത്യം സഹിക്കാനായില്ല. ഓരോ തവണ ക്ലാസ്സ് വിടുമ്പോഴും അവൻ പൂന്തോട്ടത്തിലേയ്ക്ക് ഓടും. ഒരിക്കൽ അവനതു കണ്ടു. സമാധിയിലായിരുന്ന കൊക്കൺ പൊട്ടി അതിൽ നിന്ന് മെല്ലെ പുറത്തിറങ്ങാനുള്ള ശ്രമത്തിലാണ് കൊച്ചു പൂമ്പാറ്റ. അതിന്റെ പരാക്രമം കണ്ട് കുട്ടിക്ക് സഹിക്കാനായില്ല. അവൻ കൂർത്ത ഒരു കമ്പു കൊണ്ട് അതിനെ നെടുകെ രണ്ടായി പിളർന്ന് പൂമ്പാറ്റയെ പുറത്തെടുത്തു. പക്ഷെ ആ ശ്രമത്തിൽ പാവം പൂമ്പാറ്റ മരിച്ചു പോയി. കുട്ടിയുടെ കണ്ണിൽ നിന്നു കണ്ണുനീർ ഒഴുകി വീണു. അപ്പോളാരോ അവന്റെ ചുമലിൽ തട്ടി. മാഷ്. അദ്ദേഹം അവനെ ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു. പ്രകൃതിക്ക് അതിന്റേതായ വഴികളുണ്ട്. നാം അതിൽ ഇടപെടരുത്. മറ്റുള്ള ജീവജാലങ്ങളെ സഹായിക്കുന്നത് തീർച്ചയായും നല്ലതു തന്നെ. അതാണ് മനുഷ്യത്വം. പക്ഷെ ആവശ്യക്കാരെ അറിഞ്ഞു വേണം സഹായിക്കാൻ. അനാവശ്യ സഹായം അപകടത്തിലേയ്ക്കാണ് നമ്മെ നയിക്കുക. എല്ലാ മനുഷ്യർക്കും അവരവരുടേതായ വ്യക്തിത്വമുണ്ട്. കഴിവുകളുമുണ്ട്. പക്ഷെ അത് പ്രകടിപ്പിക്കാൻ കഴിയാത്തവരാണ് ഏറെയും. ചെറിയ ഒരു സഹായം മതി അവരിലെ ഊർജ്ജം പുറത്തു വരാൻ, പക്ഷെ ആ സഹായം അധികമായാലോ അവർ കഴിവു കെട്ടവരായി മാറും. അതിനാൽ സഹായം നൽകേണ്ടത് വിവേകപൂർവ്വമായിരിക്കണം. കേവലം വികാരത്തിന്റെ പേരിലാകരുത്.

സഹായം ആവശ്യമായ നിരവധി പേരെ നാം നിത്യേനയെന്നോണം കണ്ടുമുട്ടാറുണ്ട്. ഒരു ചെറിയ താങ്ങു നൽകിയാൽ കുതിച്ചുയരാൻ കരുത്തുള്ളവർ. അവർക്കാവശ്യം സഹതാപമല്ല. പട്ടിണി കിടക്കുന്ന ഒരു വ്യക്തിക്ക് തീർച്ചയായും ഭക്ഷണമാണ് നൽകേണ്ടത്. അവശനായ ഒരു രോഗിയാണെ ിൽ നാം നൽകുന്ന സമയോചിത സഹകരണം അയാളുടെ ജീവൻ ദീർഘകാലം നിലനിൽക്കുവാൻ സഹായിച്ചേക്കാം. പക്ഷേ, ആരോഗ്യമുള്ള ഒരു വ്യക്തിക്ക് സൗജന്യമായി ഭക്ഷണം നൽകിയാലോ, അയാൾ അലസനായി മാറും. അപ്പോൾ ഒരേ സമയം വ്യക്തിക്കും സമൂഹത്തിനും നഷ്ടം സംഭവിക്കും.

വൈകുന്നേരങ്ങളിൽ നമ്മുടെ വീടുകളിൽ കാണാറുള്ള ഒരു സ്ഥിരം കാഴ്ചയുണ്ട്. ചെറിയ ക്ലാസ്സുകളിലെ കുട്ടികളെ മാതാപിതാക്കൾ തലകുത്തി നിന്ന് സഹായിക്കുന്ന കാഴ്ച. ക്ലാസ്സിൽ നിന്ന് കുറെ ഗൃഹപാഠങ്ങളുമായിട്ടാകും കുട്ടി എത്തുക. ചെയ്തു തീർക്കാൻ അല്പം ബുദ്ധിമുട്ടും കാണും. തീർച്ചയായും അവരെ സഹായിക്കണം. പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ സഹായിക്കുകയും വേണം. പക്ഷേ, പലപ്പോഴും അച്ഛനും അമ്മയും ചേർന്നാണ് ഗൃഹപാഠം ചെയ്യുന്നത്. പുസ്തകം വായിക്കുക, ഇന്റർനെറ്റ് പരതുക, കടലാസ് വെട്ടി ഒട്ടിക്കുക, ചാർട്ടുകൾ തയ്യാറാക്കുക, എല്ലാം ചെയ്യുന്നത് അച്ഛനും അമ്മയുമായിരിക്കും. കുട്ടിയാകട്ടെ കിടക്കയിൽ കിടന്ന് മൊബെൽ ഫോണിൽ കളികൾ നടത്തുകയും. കുട്ടിയുടെ ഉള്ളിലെ സകല മേധാശക്തികളും നശിപ്പിച്ച് കളയുകയാണ് എന്ന കാര്യം ആ മാതാപിതാക്കൾ മറക്കുകയാണ്. പഠിക്കാനുള്ള പാഠങ്ങൾ നിരന്തരമായി വായിച്ചുകൊടുത്ത് കുട്ടികളെ ഓമനിക്കുന്ന അമ്മമാരും വലിയ തെറ്റാണ് ചെയ്യുന്നത്. സ്വയം

# പുനർസൃഷ്ടിയുടെ പൂർണ്ണത

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ഭാരതത്തിലെ 12 ജ്യോതിർലിംഗ ക്ഷേത്രങ്ങളിലെ ജ്യോതിർലിംഗ പ്രതിഷ്ഠകളുടെ അപാരമായ പുനരാവിഷ്കാരമാണ് ബ്രഹ്മാകുമാരീസ് ചെന്നൈ ആസ്ഥാനത്തുനിന്നും ഭാരതത്തിലുടനീളം പ്രദർശിപ്പിച്ചുവരുന്നത്. പുനർസൃഷ്ടിയുടെ പൂർണ്ണത ഇത്രയും ഭംഗിയായി നിർവ്വഹിക്കാനാകുമോ എന്നത് അതിശയമുളവാക്കുന്നതാണ്. ദൈവീകമായ ഒരു ശക്തികൊണ്ടേ ഇത് ഇത്രയും ഭംഗിയായും, ഗംഭീരമാക്കുവാനും സാധിക്കുകയുള്ളൂവെന്ന് അതിന് നേതൃത്വം നൽകിയ ശ്രീ. ശിവകുമാർ പറയുന്നു. ഇത് ഈശ്വരനു മാത്രം ചെയ്യിപ്പിക്കാൻ കഴിയുന്ന ഒരു കാര്യമായിട്ടാണ് എനിക്ക് അനുഭവപ്പെടുന്നത്. അങ്ങനെതന്നെയാണ് ഇപ്പോഴും അതിന്റെ പ്രവർത്തനവും നടക്കുന്നത്. ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിലായി ലക്ഷക്കണക്കിന് ആളുകൾ ഭക്തിപുരസ്സരം നിറകണ്ണുകളോടെ ഈ ജ്യോതിർലിംഗ പുന: പ്രതിഷ്ഠ കണ്ട് സായൂജ്യമടഞ്ഞ് മടങ്ങുന്നു, ഒരിക്കലും ഇങ്ങനെ കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കാതിരുന്ന ഈ അപൂർവവേള (12 ജ്യോതിർലിംഗങ്ങളുടെ ഒന്നിച്ചുള്ള ഈ ദർശന പുണ്യം) ഒരു ഉത്സവത്തിമിർപ്പോടെ അവർ നെഞ്ചോടുചേർക്കുന്നു. തന്റെ ചിരകാല അഭിലാഷം പൂർത്തീകരിച്ച ചാരിതാർത്ഥ്യത്തോടെ അവർ ഭക്തിനിർഭരമാകുന്നു.

ഇതുതന്നെയാണ് ഉത്തമമായ കലയുടെ പരിണാമവും അത് മറ്റുള്ളവരെ ഭക്തിനിർഭരമാക്കും. അത് അവരുടെ കണ്ണുകളെ സായൂജ്യമടയിക്കും. അത് മാനവരാശിയെ നേർവഴിയിൽ നടത്തും. അത് സന്തോഷത്തിന്റെയും നന്മയുടെയും ഒരു നല്ല നാളെയിലേക്ക് നമ്മെ കൊണ്ടെത്തിക്കും. അതിനു നിമിത്തമായ ശ്രീ. ശിവകുമാറിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും കോടി കോടി ഭാവുകങ്ങൾ കലയുടെ ഈ ഉത്തുംഗ ദർശനം ലോകമെങ്ങും ഒരു പുത്തൻ ഉണർവ് പകർന്നു നൽകുമെന്നതിൽ സംശയമില്ല.

വായിച്ചറിഞ്ഞ് മനസ്സിലാക്കാനും അങ്ങിനെ ശാക്തീകരിക്കാനുമുള്ള കുട്ടികളുടെ നൈസർഗീകമായ കഴിവുകളാണ് അപ്പോൾ മുരടിക്കുന്നതെന്ന് അവർ അറിയുന്നില്ല. പഠിത്തം മാത്രമല്ല കുട്ടികളെക്കൊണ്ട് മെയ്യനങ്ങി ഒരു പണിയും ചെയ്യിക്കാത്ത മാതാപിതാക്കളാണ് നമുക്കു ചുറ്റുമുള്ളത്. അവരും പറയുന്നത് കുട്ടികളെ സഹായിക്കുകയാണെന്നാണ്. പാല് കുടിച്ച ഗ്ലാസ് കഴുകാനോ, തൊട്ടടുത്ത കടയിൽ നിന്ന് അല്പം പഞ്ചസാര വാങ്ങിക്കാനോ, മുറ്റത്തെ മുളകു ചെടിയിൽ നിന്ന് രണ്ട് കാന്താരി പൊട്ടിക്കാനോ പോലും അവർ സമ്മതിക്കില്ല. ഫലമോ കുട്ടികളിലെ വളർന്നു വരുന്ന എല്ലാ കഴിവുകളും ഇല്ലാതാകും. പിന്നെ സാഹചര്യങ്ങളെ നേരിടാനും ജീവിതത്തിലെ പ്രശ്നങ്ങളെ കണ്ടറിയാനും പ്രകൃതി നൽകിയ കഴിവുകൾ നഷ്ടമാവുകയും ചെയ്യും. ഇത്തരം സഹായം അപകടകരമാണെന്ന് ആരാണവർക്ക് പറഞ്ഞു കൊടുക്കുക.

പുസ്തകം വാങ്ങാൻ കഴിവില്ലാത്ത കുട്ടികൾക്ക് സഹായം വരദാനമാണ്. പരീക്ഷാ ഫീസ് നൽകാൻ കഴിവില്ലാത്ത കുട്ടിക്ക് പണം ദൈവാനുഗ്രഹമാണ്. ആശുപത്രി ചെലവിന് വകയില്ലാത്ത രോഗിക്ക് സഹായം അമൃതാണ്. പക്ഷെ നാം ഒന്ന് ചിന്തിക്കണം, സ്വയം അദ്ധ്വാനിച്ച് നേടുന്ന കാര്യങ്ങൾ മാത്രമേ ശാശ്വതമായിരിക്കുകയുള്ളൂ. ചരിത്രം നമ്മെ പഠിപ്പിക്കുന്നതും അതാണ്. അദ്ധ്വാനിക്കാതെ സമ്പാദിക്കുന്ന ധനത്തിന്, വിശപ്പിന് വിലയില്ല. വിയർപ്പിന്റെ വിലയറിയാത്തവന് ജീവിതത്തിൽ നേട്ടങ്ങളുമുണ്ടാകില്ല. അതിനാൽ നാം അപരനെ സഹായിക്കുമ്പോൾ ഓർക്കുക – അശരണർക്ക് സഹായം കൈത്താങ്ങാണ്, കഴിവുള്ളവന് സ്വയം അദ്ധ്വാനിച്ച് നേട്ടങ്ങൾ കൈവരിക്കാനാവട്ടെ നമ്മുടെ സഹായം. അത് കേവലം സാന്ത്വനമായി മാത്രം മാറാതിരിക്കട്ടെ, മറിച്ച് ഒരു ഉത്തമ ധർമ്മമായി മാറട്ടെ – വ്യക്തിക്കും സമൂഹത്തിനും നന്മ പകരുന്ന ധർമ്മം. അപ്പോൾ അത്തരം സഹായങ്ങൾ മനുഷ്യന് വെളിച്ചം പകരും.